റവന്യൂവും സഹകരണവും വകുപ്പു മന്ത്രി (ശ്രീ. ബേബി ജോൺ): കഴിയുന്നത്ര സൂപ്പർന്യൂമററി ആയി വരുന്ന ആളുകളെ മറ്റു ഡിപ്പാർട്ടുമെന്റുകളിൽ നിയമിക്കാനാണ് തീരുമാനിച്ചിട്ടുള്ളത്.

ശ്രീ. കല്പട നാരായണൻ: പല ഐ. ടി. ഡി. യൂണിറ്റിലും ആവശ്യമായ സ്റ്റാഫില്ല എന്ന് കേൾക്കുന്നുണ്ട്. അത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്രയും വേഗം സ്റ്റാഫിനെ നിയമിക്കാനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. എ. എൽ. ജേക്കബ്: വേണ്ടത് ചെയ്യാം.

ശ്രീ. എം. വി. രാജഗോപാലൻ: 220 ഗസറ്റഡ് ഉദ്യോഗസ്ഥൻമാരെ നിയമിക്കും എന്നു പറഞ്ഞു. ഇതുകൊണ്ട് എങ്ങനെയാണ് ഗ്രാമീണ കർഷകരെ സഹായിക്കാൻ ഉദ്ദേശിക്കുന്നത്?

ശ്രീ. എ. എൽ. ജേക്കബ്: പദ്ധതി നടപ്പിലാക്കി കഴിഞ്ഞതിനു ശേഷം മാത്രമേ പറയാൻ കഴിയുകയുള്ളു.

ശ്രീ. പി. കെ. ശങ്കരൻകുട്ടി: സംയോജന ഗ്രാമവികസന പദ്ധതിയെക്കുറിച്ച് ചോദിച്ചപ്പോൾ 320 എന്നുള്ളത് മാറ്റി 220 തസ്തിക സൃഷ്ടിക്കാൻ ആലോചിക്കുന്നുണ്ടെന്ന് പറഞ്ഞു. ആലോചനയെല്ലാം ഉപേക്ഷിച്ച് ഈ പദ്ധതിയും ഏലാ പദ്ധതിയും മറ്റെല്ലാ പദ്ധതികളും നടപ്പിൽ വരുത്തുന്നതിന് താഴെ നിലവാരത്തിൽ വില്ലേജ് എക്സ്റ്റൻഷൻ ആഫീസർമാരേയും അഗ്രികൾച്ചറൽ ഡിപ്ലോമയുള്ള ആളുകളേയും നിയമിച്ച് കൃഷിക്കാർക്ക് അതിന്റെ മെച്ചം കിട്ടാൻ വേണ്ടി അത്തരത്തിൽ താഴെക്കിടയിലുള്ള ആളുകളെ നിയമിക്കാൻ നടപടി എടുക്കുമോ?

ശ്രീ. എ. എൽ. ജേക്കബ്: അതൊരു നിർദ്ദേശമാണ്.

(ചോദ്യം 71 ചോദിച്ചിട്ടില്ല)

ഇലക്ട്രിസിറ്റി ബോർഡ് ജീവനക്കാർക്ക് ബോണസ്

* 63 [72] ശ്രീ. എം. കെ. കൃഷ്ണൻ:
,, ടി. കെ. അബ്ദു:
,, എം. വി. രാഘവൻ:
,, ടി. കെ. രാമകൃഷ്ണൻ:
,, ഈപ്പൻ കണ്ടക്കുടി:
ഡോക്ടർ ജോർജ്ജ് മാത്യു:

ശ്രീ. എം. വി. മാണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവും വിദ്യുച്ഛക്തിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇലക്ട്രിസിറ്റി ബോർഡ് ജീവനക്കാർക്ക് എത്ര ശതമാനം ബോണസ് നൽകാനാണ് തീരുമാനിച്ചിട്ടുള്ളത്;

(ബി) പ്രഖ്യാപിച്ച ബോണസ് ജീവനക്കാർ വാങ്ങുകയുണ്ടായോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ബോണസ് നിരക്ക് വർദ്ധിപ്പിക്കാൻ സർക്കാരിന് ഉദ്ദേശമുണ്ടോ;

(ഡി) ബോണസ് തീരുമാനിക്കുന്നതിൽ ജീവനക്കാരുടെ സംഘടനകളുമായി ആലോചിച്ചിരുന്നുവോ;

(ഇ) ബോർഡിലെ ഏതെങ്കിലും തൊഴിലാളി യൂണിയൻ തങ്ങളുടെ ബോണസ് വിഹിതം വർദ്ധിപ്പിക്കണമെന്ന ആവശ്യവുമായി സമര നോട്ടീസ് നൽകിയിട്ടുണ്ടോ?

പൊതുജനാരോഗ്യവും വിദ്യുച്ഛക്തിയും വകുപ്പു മന്ത്രി (ശ്രീ. കെ. പി. പ്രഭാകരൻ):

(എ) 1978-79-ലെയ്ക്ക് ബോണസ് ആക്ട് അനുസരിച്ച് 8⅓ ശതമാനം ബോണസ് നൽകാനാണ് ഇലക്ട്രിസിറ്റി ബോർഡ് തീരുമാനിച്ചത്.

(ബി) ഒരു വിഭാഗം ജീവനക്കാർ വാങ്ങിയിട്ടുണ്ട്. എന്നാൽ ഭൂരിപക്ഷം തൊഴിലാളികളും മൂന്ന് അംഗീകൃത യൂണിയനുകളുടെ ആഹ്വാനമനുസരിച്ച് ബഹിഷ്ക്കരിക്കുകയാണ് ചെയ്തത്.

(സി) ബോണസ് ആക്ടനുസരിച്ച് അർഹതപ്പെട്ട ബോണസ് നൽകുകയെന്നാണ് ഗവൺമെൻറ് സ്വീകരിച്ചിട്ടുള്ള നയം. അതനുസരിച്ചുള്ള കണക്കുകൂട്ടൽ തിട്ടപ്പെടുത്തുന്നതിന് വിധേയമായിട്ടേ വർദ്ധനവിനെപ്പറ്റി തീരുമാനിക്കാനാവൂ.

(ഡി) ബോർഡ് ആദ്യം തീരുമാനമെടുക്കുന്നതിനു മുൻപ് അംഗീകൃത യൂണിയനുകളുമായി ചർച്ച നടത്തിയിരുന്നു.

(ഇ) എല്ലാ തൊഴിലാളി യൂണിയനുകളും ബോണസ് വർദ്ധിപ്പിക്കണമെന്ന് ആവശ്യപ്പെട്ടിരുന്നു. ഈ ആവശ്യത്തെ മുൻനിറുത്തി കേരളാ ഇലക്ട്രിസിറ്റി വർക്കേഴ്സ് ഫെഡറേഷൻ, കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് തൊഴിലാളി യൂണിയൻ, കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് വർക്കേഴ്സ് അസോസിയേഷൻ എന്നീ സംഘടനകളും 23-9-1979-ൽ അർദ്ധരാത്രി മുതൽ അനിശ്ചിതകാലത്തേക്ക് പണിമുടക്കുമെന്ന് കാണിച്ച് നിയമാനുസരണം ഒരു മാസം മുൻപ് നോട്ടീസ് നൽകിയിരുന്നു. 18-9-1979-ൽ വിദ്യുച്ഛക്തി മന്ത്രിയുടെ സാന്നിദ്ധ്യത്തിൽ നടന്ന കൺസിലിയേഷൻ കോൺഫറൻസിൽ വച്ച് ഒത്തുതീർപ്പുണ്ടായതിനെത്തുടർന്ന് പണിമുടക്കു നോട്ടീസ് പിൻവലിക്കപ്പെടുകയും ചെയ്തു.

ശ്രീ. എം. കെ. കൃഷ്ണൻ: ബഹുമാനപ്പെട്ട മന്ത്രി നൽകിയ മറുപടി സംഘടനകളുമായി ആലോചിച്ചിരുന്നു എന്നാണ്. സംഘടനകളുമായി ആലോചിക്കാതെ 8.33 ശതമാനം ബോണസ് ഡിക്ലയർ ചെയ്തു എന്നുള്ളതുകൊണ്ടാണ് ഭൂരിപക്ഷം തൊഴിലാളികളും വാങ്ങിക്കാതിരുന്നത് എന്നുള്ളത് സത്യമാണോ?

ശ്രീ. കെ. പി. പ്രഭാകരൻ: അത് ഞാൻ വളരെ വ്യക്തമായി പറഞ്ഞല്ലോ. 8.33 ശതമാനം ബോർഡ് പ്രഖ്യാപിക്കുന്നതിനു മുൻപ് ഈ മൂന്ന് അംഗീകൃതയൂണിയനുകളുമായും ചർച്ച ചെയ്തിരുന്നു എന്നാണ് ഞാൻ പറഞ്ഞത്. ചർച്ച ചെയ്ത് അവർ സ്വീകരിച്ചു എന്നു ഞാൻ പറഞ്ഞിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. കെ. കൃഷ്ണൻ: ഭൂരിപക്ഷം തൊഴിലാളികളും ബോർഡ് നിശ്ചയിച്ച ബോണസ് വാങ്ങിക്കാതിരുന്നതിന് കാരണം പറഞ്ഞത് അവരുമായി ആലോചിക്കാതെ ബോർഡ് ഏകപക്ഷീയമായി 8·33 ശതമാനം ഡിക്ലയർ ചെയ്തതുകൊണ്ടാണെന്നാണ്. അത് ശരിയാണോ?

ശ്രീ. കെ പി. പ്രഭാകരൻ: ഈ പറഞ്ഞ സംഗതി ശരിയല്ല. രണ്ടു ദിവസം തുടർച്ചയായി ബോർഡ് ഈ മൂന്ന് യൂണിയനുകളുമായി ചർച്ച ചെയ്തു. ബോണസ് ആക്ടനുസരിച്ച് 8.33 ശതമാനം ബോണസിൽ കൂടുതൽ കൊടുക്കാൻ ബോർഡിന്റെ ധനസ്ഥിതി അനുവദിക്കുന്നില്ലെന്ന് അവരോട് വ്യക്തമാക്കുകയുണ്ടായി. അവർ അത് സ്വീകരിച്ചിട്ടില്ലെന്നുള്ളത് ശരിയാണ്. ബോർഡ് നിയമാനുസരണം തീരുമാനമെടുത്തു. അതാണ് ബഹിഷ്ക്കരിച്ചത്.

ശ്രീ. എം. കെ. കൃഷ്ണൻ: ഇപ്പോഴുള്ള ഉത്തരവുപ്രകാരം എത്ര ശതമാനം ബോണസ് കൊടുക്കാനാണ് നിശ്ചയിച്ചിട്ടുള്ളത്?

ശ്രീ. കെ. പി. പ്രഭാകരൻ: ഇപ്പോഴുള്ള ഒത്തുതീർപ്പനുസരിച്ച് ബോണസ് അവസാനമായി സെറ്റിൽ ചെയ്തിട്ടില്ല. ഒത്തുതീർപ്പിലെ വ്യവസ്ഥകൾ വേണമെങ്കിൽ വായിക്കാം.

(*i*) The K.S.E.B. agrees to pay an amount equivalent to 8⅓ (eight and one third per cent) of the total annual earnings of 1978–79 for each worker in accordance with the provisions of the *Bonus Act as advance towards bonus* to workmen for the year 1978–79, pending finalisation of the accounts;

(*ii*) K.S.E.B. also agrees to pay another advance of an amount equivalent to 2 per cent (two per cent) of the total annual earnings of 1978–79 (in accordance with the provisions of the Bonus Act) to each workmen;

(*iii*) It is also agreed between the parties that the manner in which the advance as per Clause (2) above has to be adjusted will be decided later, after finally settling the bonus for the year 1978–79.

ശ്രീ. ടി. കെ. അബ്ദു: ഇലക്ട്രിസിറ്റി ബോർഡിൽ പല യൂണിയനുകളും പ്രവർത്തിച്ചുകൊണ്ടിരിക്കെ യോജിച്ചുനിന്ന് അവർ സമരം നടത്തിയിട്ടുള്ള സന്ദർഭങ്ങളിൽ ഏതെങ്കിലും ഒരു യൂണിയനെ അടർത്തിയെടുത്ത് ഒത്തുതീർപ്പുണ്ടാക്കുവാൻവേണ്ടി ശ്രമിക്കുന്ന നയം ഗവൺമെന്റ് ഉപേക്ഷിക്കുവാൻ തയ്യാറാകുമോ?

ശ്രീ. കെ. പി. പ്രഭാകരൻ: അങ്ങനെയൊരു നയം ഗവൺമെന്റിനില്ല. എന്നിട്ടുവേണ്ടേ ഉപേക്ഷിക്കാൻ.

ശ്രീ. എം. വി. രാഘവൻ: ഇലക്ട്രിസിറ്റി ബോർഡ് ഇന്ന് ലാഭകരമായിട്ടാണോ പ്രവർത്തിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ശ്രീ. കെ. പി. പ്രഭാകരൻ: 1978–79 മുതൽ സാമ്പത്തിക സ്ഥിതിയിൽ കുറച്ച് അഭിവൃദ്ധിയുണ്ടായിട്ടുണ്ട്. പക്ഷേ ഗവൺമെന്റിനു നൽകേണ്ട 43 കോടി രൂപയോളം പലിശക്കുടിശ്ശിക ഇപ്പോഴും ബാക്കിയുണ്ട്. ഡ്യൂട്ടിയിനത്തിൽ 20 കോടി രൂപ വേറെയും ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. വി. രാഘവൻ: ഇലക്ട്രിസിറ്റി ബോർഡിൽ കാലാകാലം ഉണ്ടായിക്കൊണ്ടിരിക്കുന്ന നഷ്ടം പരിഹരിക്കുവാൻ ഗവൺമെൻറിന്റെ മുന്നിൽ വല്ല പദ്ധതിയുമുണ്ടോ?

ശ്രീ. കെ. പി. പ്രഭാകരൻ: രണ്ടുവർഷമായിട്ട് നഷ്ടം പരിഹരിച്ചു കൊണ്ടിരിക്കുകയാണ്.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: 1978–79 കാലത്ത് ലാഭകരമായിരുന്നു എന്നാണ് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞതിൽനിന്നും മനസ്സിലായത്. അങ്ങനെയാണെങ്കിൽ ബോണസിന്റെ കാര്യത്തിൽ ഏകപക്ഷീയമായി തീരുമാനമെടുത്ത് ജീവനക്കാരെ ഒരു പണിമുടക്കിലേക്ക് വലിച്ചിഴയ്ക്കാനുള്ള നടപടിയെടുത്തത് ശരിയാണോ?

ശ്രീ. കെ. പി. പ്രഭാകരൻ: ലാഭകരമായിരുന്നു എന്നല്ല ഞാൻ പറഞ്ഞിട്ടുള്ളത്. വരുമാനം വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്, നഷ്ടം നികത്തിക്കൊണ്ടിരിക്കുകയാണെന്നാണ് പറഞ്ഞത്. ബോണസ് ആക്ടിൽ എങ്ങനെ ബോണസ് കണക്കാക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. അതനുസരിച്ചുള്ള അവൈലബിൾ സർപ്ലസ് 1978–79–ലും ഇല്ല. ഇപ്പോഴും മൈനസ് ആണ്. അതുകൊണ്ടാണ് നിയമപ്രകാരം മിനിമം ബോണസ് കൊടുക്കാൻ മാത്രമേ നിവൃത്തിയുള്ളൂ എന്ന് അവർ തീരുമാനിച്ചത്.

ഡോ: ജോർജ്ജ് മാത്യു: ബോർഡിന്റെതന്നെ ഒരു പ്രസിദ്ധീകരണത്തിൽ 16 കോടി രൂപയോളം ബോർഡിനു ലാഭമുണ്ടെന്നും 10 കോടി രൂപയോളം കശുവണ്ടി കോർപ്പറേഷനു കടം കൊടുത്തിട്ടുണ്ടെന്നും കണ്ടു. ഈ സ്ഥിതിവച്ചുനോക്കുമ്പോൾ കശുവണ്ടിത്തൊഴിലാളികൾക്ക് കൊടുത്ത 12 ശതമാനമെങ്കിലും അവർക്ക് കൊടുക്കേണ്ടതായിരുന്നില്ലേ; അതുപോലെതന്നെ അംഗീകരിക്കാത്ത യൂണിയനുകളുമായി സംസാരിക്കുകയില്ലെന്നുള്ള ഗവൺമെൻറ് നയം മാറിയതു അടുത്തകാലത്തു ശ്രാഡുവേട്ട് എഞ്ചിനീയറൻമാരുമായി സംസാരിച്ചിട്ടുള്ളതിൽനിന്നു തെളിവാണ്. അതുപോലെ മറ്റു യൂണിയനുകളുമായി സംസാരിക്കുവാൻ ദയവുണ്ടാകുമോ? അങ്ങനെ തീരുമാനമെടുക്കുവാൻ ശ്രദ്ധിക്കുമോ?

ശ്രീ. കെ. പി. പ്രഭാകരൻ: തൊഴിലാളികളെ ബാധിക്കുന്ന പൊതുവായ പ്രശ്നങ്ങൾ അംഗീകൃത യൂണിയനുകളുമായിട്ടാണ് ചർച്ച ചെയ്യുന്നത്. മറ്റു കാറ്റഗറി യൂണിയനുകളെ സംബന്ധിച്ചു അവരുടെ പ്രത്യേകമായ ഇഷ്യൂസ് ചർച്ച ചെയ്യാൻ തടസ്സമില്ല. 16 കോടി രൂപ ലാഭം ഉണ്ടായിരുന്നു എന്നുള്ളതു ശരിയല്ല. . 43 കോടി രൂപ പലിശക്കുടിശ്ശികയും 20 കോടി രൂപ ഡ്യൂട്ടിയും കൊടുത്തുതീരുമ്പോഴാണ് ലാഭത്തിൽ വരുന്നത്. കമേഴ്സ്യൽ അക്കൗണ്ടിംഗ് സിസ്റ്റമനുസരിച്ചു ഓരോ കൊല്ലവും റവന്യൂമിച്ചം പോയിക്കഴിഞ്ഞാൽ പിന്നെ ഫസ്റ്റ് ചാർജ്ജായി വരുന്നതു കൊടുത്തുതീർക്കാനുള്ള പലിശയാണ്. അതു കൊടുത്തുകഴിയുമ്പോൾ ലാഭത്തിൽ വരും.

ഡോ: ജോർജ്ജ് മാത്യു: 10 കോടി രൂപ കശുവണ്ടികോർപ്പറേഷനു കൊടുത്തു എന്നുള്ളതു ശരിയാണോ?

ശ്രീ. കെ. പി. പ്രഭാകരൻ: ശരിയാണ്, അതു ഗവൺമെൻറ് ഗ്യാരൻറിയനുസരിച്ചു മൂന്നുമാസത്തിനകം തിരിച്ചടയ്ക്കാനുള്ള വ്യവസ്ഥയിൽ കൊടുത്തിട്ടുള്ളതാണ്.

LIBRARY ARCHIVES Kerala Legislative Assembly

ഡോ: ജോർജ്ജ് മാത്യു: ബോർഡ് നഷ്ടത്തിലിരിക്കേ 10 കോടി രൂപ കശുവണ്ടി കോർപ്പറേഷനു കടംകൊടുക്കാനുള്ള ഉത്തരവാദിത്വം എടുത്ത നയം എന്താണ്?

ശ്രീ. കെ. പി. പ്രഭാകരൻ: ഇലക്ട്രിസിറ്റി ബോർഡ് ഗവൺമെൻറിനു 43 കോടി രൂപ കുടിശ്ശിക അടയ്ക്കാനുള്ള ഒരു സ്ഥാപനമാണ്. ബോർഡിൻെറ കൈയിൽ ഒരു വർഷത്തെ മെറ്റീരിയൽസ് വാങ്ങിക്കുവാനുള്ള പണമുണ്ട്. ആ മെറ്റീരിയൽസ് പലതും ഓർഡർ ചെയ്തു വർഷാവസാനം കിട്ടുന്നതാണ്. അതുകൊണ്ട് മൂന്നുമാസത്തിനകം മെറ്റീരിയൽസിനു കൊടുക്കേണ്ടിവരികയില്ലെന്നുള്ളതുകൊണ്ട് ആ സംഖ്യ ഗവൺമെൻറ് ആവശ്യപ്പെട്ടതനുസരിച്ചു മൂന്നുമാസത്തെക്കും ഗവൺമെൻറ് ഗ്യാരൻറിയിൽ കൊടുത്തിട്ടുള്ളതാണ്. അവർ തിരിച്ചുകൊടുത്തില്ലെങ്കിൽ ഗവൺമെൻറ് കൊടുക്കും.

ശ്രീ. എം. വി. മാണി: ബഹുമാനപ്പെട്ട മന്ത്രി പറയുന്നതു ബോർഡ് ഇക്കൊല്ലവും നഷ്ടത്തിലാണെന്നാണ്. എന്നാൽ ചില പ്രസിദ്ധീകരണങ്ങളിൽ ഇലക്ട്രിസിറ്റി മറ്റു സംസ്ഥാനങ്ങൾക്ക് വിറ്റു ലാഭമുണ്ടാക്കി എന്നാണ് കാണുന്നത്. 43 കോടി രൂപ കഴിച്ചാണ് ലാഭം കണക്കാക്കുന്നതെന്നും മന്ത്രി പറയുകയുണ്ടായി. എന്നാൽ തന്നാണ്ടത്തെ ലാഭമാണോ കണക്കാക്കുന്നത്?

ശ്രീ. കെ. പി. പ്രഭാകരൻ: ഞാൻ വളരെ വ്യക്തമായി പറഞ്ഞിട്ടുള്ളതു ഇലക്ട്രിസിറ്റി ബോർഡിൻെറ വ്യവസ്ഥയനുസരിച്ചും സാധാരണ കമേഴ്സ്യൽ പ്രാക്ടീസ് അനുസരിച്ചും ഓരോ കൊല്ലവും ബാലൻസ് ഷീറ്റ് കണക്കാക്കുന്നത്, ലാഭം കണക്കാക്കുന്നത് പഴയ പലിശ കുടിശ്ശിക വകയിരുത്തിയശേഷമാണ്. അതനുസരിച്ചാണ് ബോർഡ് കണക്കാക്കിക്കൊണ്ടിരിക്കുന്നത്. ലാഭത്തിലേക്ക് വന്നുകൊണ്ടിരിക്കുന്നു എന്നാണ് ഞാൻ പറഞ്ഞത്.

ശ്രീ. പി. കെ. ശങ്കരൻകുട്ടി: കമേഴ്സ്യൽ അക്കൗണ്ടിംഗ് സിസ്റ്റമനുസരിച്ചും ബോണസ് ആക്ടിൻെറ അടിസ്ഥാനത്തിലും അവൈലബിൾ സർപ്ലസ് ഇല്ലാത്തതുകൊണ്ടാണ് 8.33 ശതമാനം ബോണസ് മിനിമം ബോണസായി കൊടുത്തതെന്നു പറഞ്ഞു. മന്ത്രി ഇവിടെ പറഞ്ഞിട്ടുള്ളത് 43 കോടി രൂപ പലിശക്കുടിശ്ശികയും 20 കോടി രൂപ ഡ്യൂട്ടിയും കഴിച്ചാൽ നഷ്ടമാണ്, അവൈലബിൾ സർപ്ലസ് ഇല്ല എന്നാണ്. അവൈലബിൾ സർപ്ലസ് ഉണ്ടെങ്കിൽ മാത്രമേ കൂടുതൽ കൊടുക്കുകയുള്ളു എന്നു പറയുകയും അതേസമയം 2 ശതമാനം കൂടുതൽ കൊടുക്കുകയുമാണ് ചെയ്തിട്ടുള്ളത്. ലാഭമായാലും നഷ്ടമായാലും അവൈലബിൾ സർപ്ലസിൻെറ അടിസ്ഥാനത്തിൽ പൊതുമേഖലയിൽ ബോണസ് നിശ്ചയിക്കുന്നതിനു ബാധകമല്ലെന്നു കഴിഞ്ഞ 15 കൊല്ലത്തെ പ്രാക്ടീസ് വച്ച് മനസ്സിലാകും. അതുകൊണ്ട് ബോണസ് 20 ശതമാനമായി വർദ്ധിപ്പിക്കുമോ?

ശ്രീ. കെ. പി. പ്രഭാകരൻ: ബോണസ് ആക്ടനുസരിച്ച് അർഹതപ്പെട്ട ബോണസ് കൊടുക്കുകയെന്നുള്ളതാണ് ഗവൺമെൻറിൻെറ നയം.

ശ്രീ. എം. കെ. ഹേമചന്ദ്രൻ: ഇലക്ട്രിസിറ്റി ബോർഡിൽ കൂടുതൽ വരുമാനമുണ്ടാകുന്നത് ഡിസ്ട്രിബ്യൂഷൻ വഴിയാണെന്നുള്ളതുകൊണ്ട് ഡിസ്ട്രിബ്യൂഷൻ കാര്യക്ഷമമാക്കാൻ നടപടി സ്വീകരിക്കുമോ? കണക്ഷൻ

LIBRARY ARCHIVES Kerala Legislative Assembly

കൊടുക്കാൻ ഇപ്പോഴും വളരെയധികം താമസമുണ്ടാകുന്നുണ്ട്. മെറ്റീരിയൽസ് ഇല്ലെന്നുള്ളതാണ് ഒരു ആവലാതി. അതുകൊണ്ട് ഡിസ്ട്രിബ്യൂഷൻ കാര്യക്ഷമമാക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. പി. പ്രഭാകരൻ: ഡിസ്ട്രിബ്യൂഷൻ കാര്യക്ഷമമാക്കാനുള്ള ശ്രമമാണ് കഴിഞ്ഞ വർഷം മുതൽ നടത്തിക്കൊണ്ടിരിക്കുന്നത്. കഴിഞ്ഞ വർഷത്തിൽ ഒരു ലക്ഷത്തിലധികം കണക്ഷൻ കൊടുത്തിരുന്നു. ഈ വർഷത്തിൽ ഒരുലക്ഷത്തി പതിനായിരം കൺസ്യൂമേഴ്സിനു കണക്ഷൻ കൊടുക്കാനും 16,500 മോട്ടാർ സെറ്റുകൾക്കും 30,000 തെരുവുവിളക്കുകൾക്കും കണക്ഷൻ കൊടുക്കാനുമാണ് ടാർജറ്റ് ഇട്ടിരിക്കുന്നത്. ഇതിൽ ആദ്യത്തെ നാലുമാസത്തെ കണക്കനുസരിച്ചാണെങ്കിൽ 34,000 കണക്ഷനുകൾ കൊടുത്തു കഴിഞ്ഞിരിക്കുകയാണ്. അങ്ങനെ ആ വർക്ക് വളരെ വേഗത്തിൽ നടക്കുകയാണ്. പിന്നെ മെറ്റീരിയൽസിനെ സംബന്ധിച്ചു പറഞ്ഞതു വെറും ആവലാതിയല്ല. കൂടുതൽ വർക്ക് നടക്കണമെങ്കിൽ മെറ്റീരിയൽസിന്റെ കാര്യത്തിൽ സ്റ്റീൽ വളരെ പ്രധാനപ്പെട്ടതാണ്. രണ്ടു വർഷമായി ഡിസ്ട്രിബ്യൂഷനു കൂടുതൽ തുക നീക്കിവെക്കുന്നുണ്ട്. അതനുസരിച്ചുള്ള വർക്ക് നടക്കണമെങ്കിൽ 33,000 ടൺ സ്റ്റീൽ ആവശ്യമാണ്. കേന്ദ്ര ഇലക്ട്രിസിറ്റി ബോർഡിനോട് അതു ലഭ്യമാക്കാൻ ആവശ്യപ്പെട്ടെങ്കിലും 2,400 ടൺ മാത്രമാണ് അവർ അലോട്ടു ചെയ്തത്, എന്നാൽ കിട്ടിയതു 600 ടണ്ണുമാണ്. മെറ്റീരിയൽസിന്റെ ക്ഷാമം ഒരു യാഥാർത്ഥ്യമാണ്.

ശ്രീ. കെ. സി. വാമദേവൻ: ഇലക്ട്രിസിറ്റി ബോർഡിന്റെ സാമ്പത്തികസ്ഥിതി മെച്ചപ്പെട്ടതു പ്രവർത്തനക്ഷമത വർദ്ധിച്ചതുകൊണ്ടാണോ അടുത്ത കാലത്തെ സ്ലാബുസിസ്റ്റം കൊണ്ടാണോ?

ശ്രീ. കെ. പി. പ്രഭാകരൻ: സ്ലാബ് സിസ്റ്റം ജൂൺ 15-ാംതീയതി മുതലാണ് നടപ്പിലായത്. നില മെച്ചപ്പെടാൻ തുടങ്ങിയതു കഴിഞ്ഞ വർഷം മുതലാണ്.

ശ്രീ. ഇ. അഹമ്മദ്: കഴിഞ്ഞ വർഷം ബോണസ് എത്ര ശതമാനമായിരുന്നു? കഴിഞ്ഞ വർഷത്തെ ബോണസിന് ചെലവാക്കിയ തുക എത്രയാണ്? എട്ടും മൂന്നിലൊന്നാണെങ്കിൽ എത്ര രൂപ മൊത്തം വേണ്ടിവരും?

ശ്രീ. കെ. പി. പ്രഭാകരൻ: കഴിഞ്ഞവർഷം കൊടുത്തതു എട്ടും മൂന്നിലൊന്നു ശതമാനമാണ്. അതിനു കൊടുത്ത സംഖ്യ എത്രയാണെന്നു കണക്കുനോക്കാതെ പറയാൻ പറ്റുകയില്ല. ഈ കൊല്ലത്തെ കണക്കനുസരിച്ചാണെങ്കിൽ ഉദ്ദേശം ഒന്നരക്കോടിയോളം രൂപ വേണ്ടിവരും; എട്ടും മൂന്നിലൊന്നാണെങ്കിൽ.

ശ്രീ. എൻ. സുബ്രഹ്മണ്യഷേണായ്: സ്റ്റീൽ കിട്ടാനില്ലെന്ന കാര്യം മനസ്സിലായി. അതല്ലാതെ മറ്റു ചില സാധനങ്ങൾ, യൂ ബോൾട്ട്, അലൂമിനിയം, വൈയർ ഇതെല്ലാം ഉണ്ട്. ലോക്കൽ പർച്ചേഴ്സ് നടത്തി ഇത്തരം സാധനങ്ങൾ വാങ്ങി കെട്ടിക്കിടക്കുന്ന സാധനങ്ങൾ ഉപയോഗിച്ചുകൂടെ?

ശ്രീ. കെ. പി. പ്രഭാകരൻ: ലോക്കൽ പർച്ചേഴ്സ് നടത്തണമെന്നു ഗവൺമെന്റ് നിർദ്ദേശം കൊടുത്തിരിക്കുകയാണ്. സ്റ്റീൽ പോലും കേന്ദ്ര അലോട്ടുമെന്റിൽനിന്നും കിട്ടുന്നില്ലെങ്കിൽ കാശു കൂടുതൽ കൊടുത്തു വാങ്ങി വർക്ക് നടത്തണമെന്നു നിർദ്ദേശം കൊടുത്തിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly